LIBRARY ARCHIVES Kerala Legislative Assembly

(എ&ബി) ആലപ്പുഴ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ 10 ഒഴിവുകൾ നിലവിലുണ്ട്. ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**വെഞ്ഞാറമൂട് ആധുനിക മത്സ്യമാർക്കറ്റ്**

365 (3363) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 സർക്കാരിന്റെ അവസാന ഘട്ടത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ട വെഞ്ഞാറമൂട് ആധുനിക മത്സ്യമാർക്കറ്റിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

2011-2016 സർക്കാരിന്റെ അവസാന ഘട്ടത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ട നെല്ലനാട് ഗ്രാമപഞ്ചായത്തിലെ വെഞ്ഞാറമൂട് മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണത്തിനാവശ്യമായ അടിസ്ഥാന സൗകര്യത്തിലുള്ള അപര്യാപ്തതമൂലമാണ് തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിയാത്തത്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറി ലഭിച്ചശേഷം നാളിതുവരെ പ്രസ്തുത മാർക്കറ്റ് തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിയാത്ത സാഹചര്യം വ്യക്തമാക്കുമോ; ഇതിന് കാരണക്കാർ ആരെല്ലാമെന്ന് പരിശോധിച്ച് അറിയിക്കാമോ?

പ്രസ്തുത മാർക്കറ്റ് കെട്ടിടത്തിന്റെ നിർമ്മാണ വൈകല്യംമൂലമാണ് മാർക്കറ്റ് തുറന്നുപ്രവർത്തിക്കാൻ കഴിയാത്തത്. ഫ്രീസറിനോട് അനുബന്ധിച്ച് ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ടായിരുന്നില്ല. മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമല്ല. മാർക്കറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനായി നെല്ലനാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റി 2021-22 സാമ്പത്തിക വർഷം മാർക്കറ്റ് നവീകരണത്തിനായി 10,00,000 രൂപയും ജനറേറ്റർ വാങ്ങുന്നതിനായി 6,49,000 രൂപയും മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി 2,00,000 രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രോജക്ടിന് ജില്ലാ പ്ലാനിംഗ് സമിതി അംഗീകാരം ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടി നടന്നുവരുന്നു. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കേരള സംസ്ഥാന കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.സി.എ.ഡി.സി. ലിമിറ്റഡ്) ആണ് നിർമ്മാണം നടത്തിയിട്ടുള്ളത്.

**കായംകുളം നിയോജകമണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി**

336 (3364) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം എത്രപേർക്ക് ഭവനം അനുവദിച്ചിട്ടുണ്ടെന്നും ഇനി എത്ര ഭവനങ്ങളുടെ നിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തീകരിക്കാനുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത്, നഗരസഭ തിരിച്ച് വ്യക്തമാക്കാമോ?

കായംകുളം നിയോജകമണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതിയുടെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലായി 1,056 ഭവനം അനുവദിക്കുകയുണ്ടായി. ഇതിൽ 193 വീടുകളുടെ നിർമ്മാണം ഇനി പൂർത്തീകരിക്കാനുണ്ട്. പഞ്ചായത്ത്/ നഗരസഭ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

**മാവേലിക്കര മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

337 (3365) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകളിലെയും മാവേലിക്കര മുനിസിപ്പാലിറ്റിയിലെയും വിവിധ റോഡുകൾക്ക് റീബിൽഡ് കേരള പദ്ധതിയിലും മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിലും ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളിൽ മാവേലിക്കര മുനിസിപ്പാലിറ്റിയിലെ പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയോ നിർമ്മാണം ആരംഭിക്കുകയോ ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അവ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി&സി) ആർ.കെ.ഐ-യിൽ ഉൾപ്പെടുത്തിയ പ്രവൃത്തിയുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികളും സി.എം.എൽ.ആർ.ആർ.പി-യിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(ഡി) മാവേലിക്കര മുനിസിപ്പാലിറ്റിയിൽ 28-ാം വാർഡിലെ തെക്കേ വീട്ടിൽ-പുന്നൂർമഠം-കുറ്റിയിൽ മുക്ക് റോഡിന് സി.എം.എൽ.ആർ.ആർ.പി.-യിൽ നിന്ന് അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നഗരസഭ ഭേദഗതി ആവശ്യപ്പെട്ടുപ്രകാരം പുത്തൻമഠം തെക്കേവീട്ടിൽ കുറ്റിയിൽ മുക്ക് റോഡ് എന്ന പ്രവൃത്തി ഒഴിവാക്കിയിട്ടുള്ളതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.